<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289</u> <u>04-07-2022 - ൽ മറുപടിയ്ക്ക്</u>

<u>മണലൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ നിയോജക മണ്ഡലത്തിൽ 2016 മുതൽ ഇതുവരെ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിൽ ഡവലപ്മെന്റ് ഓഫ് ഏനാമാവ് നെഹ്റു പാർക്ക് എന്ന പദ്ധതിയാണ് 2016നു ശേഷം വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുള്ളത്. |
| (ബി) | 2022-23 ലെ ബഡ്ജറ്റിൽ പത്ത് കോടി രൂപയുടെ ഇരുപത് ശതമാനം തുക വകയിരുത്തി അനുവദിച്ചിട്ടുള്ള വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നു നിരാക്ഷേപപത്രം ലഭിക്കുന്ന മുറയ്ക്ക് വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയുടെ വിശദ പദ്ധതി രേഖ (ഡി. പി. ആർ.) തയാറാക്കാവുന്നതാണ്. |
| (സി) | മുല്ലശ്ശേരി കനാലിൽ പതിയാർകുളങ്ങര പാലം മുതൽ ഇടിയഞ്ചിറ പാലം വരെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഇല്ല. എങ്കിലും സാധ്യതാ പഠനം നടത്തിയും സ്ഥലലഭ്യതയ്ക്കനുസൃതമായും ഈ പദ്ധതിയുടെ തുടർനടപടി ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ